**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1188** **30-08-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശീയപാതയിലും പൊതുമരാമത്ത് റോഡുകളിലും ഉണ്ടാകുന്ന കുഴികളിൽ വീണ് നിരവധി പേർ മരിക്കുകയും പലർക്കും പരിക്കേൽക്കുകയും ചെയ്യുന്ന സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 1184 കി.മീ. ദേശീയപാതയും നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അധീനതയിലാണ്. അവിടെ പ്രവൃത്തികൾ നടപ്പിലാക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 548 കി.മീ നാഷണൽ ഹൈവേയിൽ കേടുപാടുകൾ പരിഹരിക്കുന്നതിനായി Urgent patch പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളുടെ പരിപാലനത്തിനായി വൈവിധ്യമാർന്ന പദ്ധതികൾ ഈ സർക്കാർ നടപ്പാക്കി വരികയാണ്. നിലവിൽ ഈ റോഡുകളിൽ ഏകദേശം 10% റോഡുകൾക്ക് അതിവർഷത്തെ തുടർന്ന് തകരാറുകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നോൺ പ്ലാൻ നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ബാധ്യതാ കാലയളവിലല്ലാത്ത എല്ലാ റോഡുകളുടേയും അറ്റകുറ്റ പണികൾ സമയബന്ധിതമായിപൂർത്തീകരിക്കുന്നതിനും ഗതാഗതയോഗ്യ മായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. മഴക്കാല പൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയും റോഡുകൾ പരിപാലിക്കുന്നു. DLP നിലവിലുള്ള റോഡുകളിൽ പരിപാലനം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്തുവകുപ്പിന്റെ കീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ |

| | | | |
|---|---|---|---|
| | ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ വ്യക്തമാക്കാമോ; | | വിഭാഗത്തിന്റെ പ്രധാന ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരിക്കുന്ന ദേശീയ പാതകളുടെ പരിപാലനവും സംരക്ഷണ വുമാണ്. CRIF പ്രവൃത്തികളിൽ സംസ്ഥാന പാതകളുടേയും MDR-ന്റെയും പുനരുദ്ധാര ണവും ദേശീയപാത വിഭാഗമാണ് നടത്തുന്നത്. |
| (സി) | പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നാഷണൽ ഹൈവേ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ പ്രധാന ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിരിക്കുന്ന ദേശീയ പാതകളുടെ പരിപാലനവും സംരക്ഷണ വുമാണ്. CRIF പ്രവൃത്തികളിൽ സംസ്ഥാന പാതകളുടേയും MDR-ന്റെയും പുനരുദ്ധാര ണവും ദേശീയപാത വിഭാഗമാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ